(ബി) വെർച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വെർച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പിലാക്കുന്നത്; വിശദമാക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവര സാങ്കേതികവിദ്യയിലൂന്നിയ ഇലക്ട്രോണിക്സ് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ദ്ധ പരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ്സ് മുറിയിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ.-കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ പദ്ധതിക്ക് സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവംമൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും.

(സി) ഇതിനായി ഉപയോഗിക്കുന്നത് കമ്പ്യൂട്ടർ, സിമട്രിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ആണ്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്നത്.

അത്യാവശ്യ മരുന്നുകളുടെ അഭാവം

7 (*67) ശ്രീ. മാത്യു റ്റി. തോമസ്:
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ നൽകാനുള്ള മരുന്നുകൾപോലും ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് ; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആവശ്യമരുന്നുകളും സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ 242 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 301 കോടി രൂപയുടെ മരുന്നുകൾ വാങ്ങി സർക്കാർ ആശുപത്രികളിൽ 2014-15 സാമ്പത്തിക വർഷം വിതരണം ചെയ്തു.

(സി) സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉള്ള വാർഷിക ഇൻഡന്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ക്രോഡീകരിച്ച് ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് കോർപ്പറേഷന്റെ വിവിധ ജില്ലാ സംഭരണശാലകളിലൂടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നു. ഏതെങ്കിലും മരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ ആയവ ആശുപത്രി മേധാവികൾ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ലോക്കൽ പർച്ചേസ് ചെയ്ത് ദൗർലഭ്യം പരിഹരിക്കുന്നുണ്ട്.

ആയുഷ് വകുപ്പ്

8 (*68) ശ്രീ. കെ. അജിത് :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതിയും ഇതര വിഭാഗങ്ങളും ചേർത്ത് ആയുഷ് വകുപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പിൽ ഏതെല്ലാം ചികിത്സാ വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly